**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മണലൂർ നിയോജക മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.429/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 15/02/2021

പരാമർശം:- മണലൂർ എം എൽ എ സമർപ്പിച്ച 21/01/2021 ലെ അപേക്ഷ

**ഉത്തരവ്**

മണലൂർ നിയോജക മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽ കുന്നതിന് 2021 ഫെബ്രുവരി ആദ്യവാരം സംഘടിപ്പിക്കുന്ന ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന്റെ ചെലവുകൾക്കായി നിയോജക മണ്ഡലത്തിലെ അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി,വാടാനപ്പള്ളി, എളവള്ളി, മുല്ലശ്ശേരി, പാവറട്ടി, വെങ്കിടങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5000/- രൂപ വീതവും, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നിന്നും 5000/- രൂപയും, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10000/- രൂപയും തളിക്കുളം, അന്തിക്കാട്, ചൊവ്വന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 5000/- രൂപ വീതവും തനത്ഫണ്ടിൽ നിന്നും സാമ്പത്തികസഹായം കൈപ്പറ്റുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് മണലൂർ എം എൽ എ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണലൂർ നിയോജക മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുന്നതിന് ,ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന്റെ ചെലവുകൾക്കായി അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി,വാടാനപ്പള്ളി, എളവള്ളി, മുല്ലശ്ശേരി, പാവറട്ടി, വെങ്കിടങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5000/- രൂപ വീതവും, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നിന്നും 5000/- രൂപയും, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10000/- രൂപയും തളിക്കുളം, അന്തിക്കാട്, ചൊവ്വന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 5000/- രൂപ വീതവും തനത്ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം പരിപാടിയുടെ സ്വാഗത സംഘം ജനറൽ കൺവീനറുടെ പേരിൽ നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ(പകർപ്പ് ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം മുഖേന )

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ